## നിയന്ത്രക പ്രമാണങ്ങൾ കാണുക അനുഭവമാക്കുക
## ക്രിസ്തുവിൽ നടക്കണം

### I. ആകയാൽ നിങ്ങൾ യേശു കർത്താവായ, ക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ, അവനിൽ നടക്കുവിൻ

- അവനിൽ നടക്കുകയെന്നാൽ, നാം അവന്റെ സമ്പന്നത ആസ്വദിക്കത്തക്കവണ്ണം, ക്രിസ്തുവിൽ ജീവിക്കുകയും പ്രവർത്തിക്കുകയും പെരുമാറുകയും നമ്മുടെ ആളത്തം അവനിൽ വയ്ക്കുകയും ചെയ്യുന്നതാണ്.
- നല്ലദേശമായ ക്രിസ്തു ഇന്ന് സർവവും-ഉൾക്കൊള്ളുന്ന ആത്മാവെന്ന നിലയിൽ നമ്മുടെ ആത്മാവിൽ വസിക്കുന്നു
- ആത്മാവിൻപ്രകാരവും ആത്മാവിനാലും നടക്കുന്നതാണ് പുതിയനിയമത്തിലെ കേന്ദ്രീയവും നിർണായകവുമായ കാര്യം.

## ക്രിസ്തുവിൽ നടക്കുവാനുള്ള താക്കോൽ—ഏകാത്മാവ്

### II. ക്രിസ്തുവിൽ നടക്കുവാൻ, അതായത് ആത്മാവിൻപ്രകാരവും ആത്മാവിനാലും നടക്കുവാനുള്ള താക്കോൽ 1 കൊരി. 6:17 ലെ ഏകാത്മാവ് ആണ്

- ത്രിയേക ദൈവവുമായ് നമ്മുടെ ആത്മാവിലുള്ള ആത്മിക കൂട്ടായ്മയുടെ മണ്ഡലത്തിൽ നാം ജീവിക്കണം.
- ആത്മാവായിരിക്കുവാൻ ആത്മാവായ ദൈവത്താൽ നാം വീണ്ടുംജനിപ്പിക്കപ്പെട്ടു / നമ്മുടെ ആത്മാവുകൊണ്ട് ആരാധിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു / നമ്മുടെ ആത്മാവിൽ നാം ദൈവത്തിന്റെ വാസസ്ഥലമായിത്തീരുന്നു / യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ സമൃദ്ധമായ സഹായത്താൽ, നാം ക്രിസ്തുവിനെ ജീവിക്കുകയും അവനെ മഹിമപ്പെടുത്തുകയും ചെയ്യുന്നു / ആത്മാവിനാൽ നമ്മുടെ ആത്മാവിൽ ക്രിസ്തുവിന്റെ തേജോമയമായ സ്വരൂപത്തിലേക്ക് നാം രൂപാന്തരപ്പെടുന്നു / ആത്മാവ് എന്ന നിലയിൽ പരിണതി പ്രാപിച്ച ത്രിയേക ദൈവവും മണവാട്ടി എന്ന നിലയിൽ രൂപാന്തരപ്പെട്ട ത്രിഭാഗീയ മനുഷ്യനും ഒടുവിൽ ഒരു ആത്മിക ദമ്പതികൾ, മനുഷ്യത്വവുമായുള്ള ദിവ്യത്വത്തിന്റെ ഇഴുകിച്ചേരൽ ആയിത്തീരുന്നു.

## മൂന്ന് ഘട്ടങ്ങളുള്ള തന്റെ സമ്പൂർണ ശുശ്രൂഷയിലുള്ള ക്രിസ്തുവിൽ നടക്കണം

### III. മൂന്ന് ഘട്ടങ്ങളുള്ള തന്റെ സമ്പൂർണ ശുശ്രൂഷയിലുള്ള ക്രിസ്തുവിലാണ് നാം നടക്കേണ്ടതെന്ന് നാം കാണണം

- വേദപുസ്തകത്തിൽ ദൈവത്തെ സംബന്ധിച്ച കേന്ദ്രീയ വെളിപാട് ദൈവത്തെ സംബന്ധിച്ച പുരോഗമനപരമായ വെളിപാടാണ്—"അവിവാഹിതനായ" ദൈവം, ശരീരം-ക്രിസ്തുവായ സംയോജിപ്പിക്കപ്പെട്ട "വിവാഹിതനായ" ദൈവമായ് തീർന്ന്, ആത്യന്തികമായി പുതിയ യെരൂശലേമിൽ പരിണതിപ്രാപിക്കുന്നു
- കർത്താവിന്റെ പ്രത്യുദ്ധാരം ജഡാവതാരം ("അവിവാഹിതനായ" ദൈവം ജഡാവതാരം ചെയ്തത്), ഉൾപ്പെടുത്തൽ (ജഡം ജീവൻ-നൽകുന്ന ആത്മാവായിത്തീരുന്നതും), തീവ്രവൽക്കരണം (ജീവൻ-നൽകുന്ന ആത്മാവ് ഏഴിരട്ടി തീവ്രതയുള്ള ആത്മാവായിത്തീരുന്നതും) എന്നീ മൂന്ന് ഘട്ടങ്ങളുള്ള തന്റെ സമ്പൂർണ ശുശ്രൂഷയിലുള്ള ക്രിസ്തുവിന്റെ പ്രത്യുദ്ധാരമാണ്

## ശരീരം-ക്രിസ്തുവിൽ നടക്കണം

### IV ക്രിസ്തുവിൽ നടക്കുകയെന്നാൽ, സംയോജിക്കപ്പെട്ട ദൈവമായ, ശരീരം-ക്രിസ്തുവിൽ നടക്കുക എന്നാണ്

- ഇന്ന് നാം നടക്കേണ്ടത് വ്യക്തിഗത ക്രിസ്തുവിൽ മാത്രമല്ല, ശരീരം-ക്രിസ്തുവും (1 കൊരിന്ത്യർ 12:12ലെ ക്രിസ്തുവിൽ) സംയോജിക്കപ്പെട്ട ദൈവവുമായ, അത്ഭുതവാനായ "എന്നെ" (പ്രവൃ. 9:4 ലെ എന്നെ) -യിലുമാണെന്ന് നാം കാണണം.
- കർത്താവിന്റെ പ്രത്യുദ്ധാരം "ക്രിസ്തുവൽക്കരണത്തിന്റെ" പ്രത്യുദ്ധാരമാണ്.
- സംഘാത ക്രിസ്തുവിൽ നടക്കുന്നത് നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ വലിയ വ്യത്യാസം ഉണ്ടാക്കുന്നു
- ഇന്ന് സഭാജീവിതത്തിൽ കർത്താവ് ശരീരം-ക്രിസ്തുവിനെ പണിയുന്നു

## കർത്താവിന്റെ സാന്നിധ്യത്തിൽ നടക്കണം

### V. കർത്താവിന്റെ സാന്നിധ്യം നമുക്ക് സകലവുമാണെന്ന് നാം കാണേണ്ടതാവശ്യമാണ്

- കർത്താവിന്റെ നേരിട്ടുള്ള, കൈമാറാതെയുള്ള സാന്നിധ്യത്താൽ നാം ഭരിക്കപ്പെടേണ്ടതാവശ്യമാണ്.
- കർത്താവിന്റെ സാന്നിധ്യമായ പുഞ്ചിരിയാണ്, നല്ലദേശത്തിന്റെ യാഥാർഥ്യമായ ക്രിസ്തുവിലേക്ക് പ്രവേശിക്കുന്നതിനും കൈവശമാക്കുന്നതിനുമുള്ള നിയന്ത്രക പ്രമാണം; ദൈവത്തിന്റെ സാന്നിധ്യമാണ് വഴി, തന്റെ ജനം എടുക്കേണ്ട വഴി കാണിക്കുന്ന "ഭൂപടം."
- മേഘസ്തംഭമെന്ന നിലയിൽ ആത്മാവും, അഗ്നിസ്തംഭമെന്ന നിലയിൽ ദൈവവചനവും, ദൈവദൂതനെന്ന നിലയിൽ ക്രിസ്തുവും ഇസ്രായേൽ മക്കളെ നയിച്ചതുപോലെ നമ്മെയും നയിക്കുന്നു. ദൈവദൂതനും സ്തംഭവും ഒന്നാണ്.
- ദൈവസാന്നിധ്യത്തിൽനിന്നുള്ള തൽക്ഷണ, ജീവനുള്ള നടത്തിപ്പ്, ഒന്നുകിൽ ആത്മാവിലൂടെയോ അല്ലെങ്കിൽ വചനത്തിലൂടെയോ വരുന്നു

## പുരോഹിതവർഗത്തിന്റെ യാഥാർഥ്യത്തിൽ നടക്കണം

### VI. അധികവും സമഗ്രവുമായ പ്രാർഥനയുള്ളവരായി പുരോഹിതവർഗത്തിന്റെ യാഥാർഥ്യത്തിൽ നാം ജീവിക്കുകയും സേവിക്കുകയും വേണം

- സഭ ജീവനുള്ളതും പുതുമയുള്ളതും സമ്പുഷ്ടവുമാണോ എന്നത് ഈ ഒരു കാര്യത്തെ—നാം തുടർച്ചയായി ആത്മാവിനാൽ നിറയപ്പെടുന്നുവോ—എന്നതിനെ ആശ്രയിച്ചിരിക്കുന്നു; ആത്മാവിനാൽ തുടർച്ചയായി നിറയപ്പെടുന്നതിന്, നാം മനസ്സുള്ളവരും ഒഴിഞ്ഞവരും പ്രാർഥിക്കുന്നവരും ആയിരിക്കണം
- ദൈവത്തിന്റെ ആത്മാവിനു മാത്രമേ നമ്മിലൂടെ അവന്റെ വാസസ്ഥലം പണിയുവാൻ കഴിയുകയുള്ളൂ. പ്രാർഥിക്കുമ്പോൾ നാം ആത്മാവിനാൽ നിറയപ്പെടും
- പ്രാർഥനയിൽ ഉറ്റിരിക്കുന്നുവെങ്കിൽ നാം കർത്താവിനെയു അവന്റെ വ്യക്തിയെയും, അവന്റെ സാന്നിധ്യത്തെയും, തൽക്ഷണവും നിരന്തരവുമുള്ള അവന്റെ അഭിഷേചനത്തെയും, അവന്റെ മുഖത്തുള്ള പുഞ്ചിരിയെയും ആസ്വദിക്കും